# കനകധാര മഹായാഗം



എറണാകുളം D.H. ഗ്രൗണ്ട്
(ശിവക്ഷേത്ര സമുച്ചയം)

2026 ഏപ്രിൽ
17, 18, 19

ധന്യാത്മൻ ,

അദ്വൈത സിദ്ധാന്തത്താൽ ഭാരതത്തിന്റെ യശസ്സ് ലോകം മുഴുവൻ പടർത്തിയ ആത്മീയ ആചാര്യനായിരുന്നു ജഗദ്ഗുരു ആദിശങ്കരൻ. ഭാരതം കണ്ട ഏറ്റവും വലിയ ജ്ഞാനി. തത്വചിന്തയുടെ കൈലാസം പൂകിയ മഹാതപസ്വി.

ആദിശങ്കരൻ ഒരിക്കൽ ഒരു ദരിദ്രഭവനത്തിലെത്തി ഭിക്ഷ യാചിച്ചു. ആ വീട്ടിലെ വൃദ്ധയായ സ്ത്രീ, തന്റെ കൈവശം ആകെയുണ്ടായിരുന്ന ഒരു നെല്ലിയ്ക്ക അദ്ദേഹത്തിനു ദാനമായി നൽകി. സ്വന്തം വിശപ്പിനെ പുഞ്ചിരിയാൽ മറച്ച് അപരന്റെ വിശപ്പു മാറ്റാൻ ശ്രമിച്ച ആ അമ്മയുടെ പ്രവൃത്തിയിൽ ശങ്കരാചാര്യർ ഏറെ സന്തുഷ്ടനായി.

ജ്ഞാനിയായ അദ്ദേഹത്തിന്റെ മനസ്സിൽ ആ നിമിഷം പിറന്നതാണ് പ്രസിദ്ധമായ കനകധാരാ സ്തോത്രം. ഐശ്വര്യദായിനിയായ മഹാലക്ഷ്മിയെ സ്തുതിക്കുന്ന ആ കീർത്തനം ചൊല്ലിയതോടെ ദേവി പ്രസാദിച്ചു. ആ പാവം വൃദ്ധയുടെ മേൽ സ്വർണ്ണനെല്ലിക്കകൾ വർഷിച്ച് അവരുടെ ദാരിദ്ര്യം ഇല്ലാതാക്കി. അന്ന്, ജഗദ്ഗുരു ആദിശങ്കരൻ ചൊല്ലിയ ആ 'കനകധാരാസ്തവം' പിന്നീട് മാനവരാശിയുടെ ദുരിതനിവാരണ മന്ത്രമായി മാറുകയായിരുന്നു. ദാരിദ്ര്യദുഃഖം ഉൻമൂലനം ചെയ്യാനും സർവൈശ്വര്യങ്ങൾ ലഭിക്കുവാനും ഇന്ന് ജനങ്ങൾ ഈ കീർത്തനാവലി അനവരതം ഉരുക്കഴിക്കുന്നു.

ദാരിദ്ര്യവും കടബാധ്യതകളും അകലുവാനും സാമ്പത്തികോന്നതിയും തൊഴിലുയർച്ചയും ഉണ്ടാകുവാനും, സമൂഹം സ്വച്ഛവും ശാന്തവും ആനന്ദ ഭരിതവുമായിത്തീരുവാനും ഇത് സഹായിക്കുന്നു.

മനുഷ്യ സമൂഹം ഏറെ ദുരിതങ്ങൾ നേരിടുന്ന ഈ പുതിയ കാലത്ത് അവരുടെ സങ്കടങ്ങൾ തീർക്കാൻ ഉചിതമായ ഉപാധി എന്ന നിലയിൽ ബൃഹത്തായൊരു യജ്ഞം നടത്തപ്പെടുകയാണ്. ആദിശങ്കര വിരചിതമായ കനകധാരാസ്തവം ഉരുക്കഴിച്ചു നടത്തപ്പെടുന്ന ഈ മഹായജ്ഞത്തിൽ പങ്കാളിയാകാനും ദേവീകടാക്ഷത്താൽ ഐശ്വര്യവും ആനന്ദവും നേടാനും നിങ്ങളെ ഓരോരുത്തരേയും ഭക്തിപുരസ്സരം ക്ഷണിച്ചു കൊള്ളുന്നു.

എന്ന്, യാഗസമിതിക്ക് വേണ്ടി



**സ്വാമി അയ്യപ്പദാസ്**
മുഖ്യരക്ഷാധികാരി
ശബരിമല അയ്യപ്പസേവാ
സമിതി സ്ഥാപക ട്രസ്റ്റീ



**കൈതപ്രം ദാമോദരൻ നമ്പൂതിരി**
യാഗസമിതി ചെയർമാൻ,
സംഗീതജ്ഞൻ




**K V രാജേഷ്**
വൈസ് ചെയർമാൻ
പഞ്ചാബ് നാഷണൽ ബാങ്ക്
മുൻ സൗത്തിന്ത്യൻ മേധാവി



**T പങ്കജാക്ഷൻ നായർ**
പ്രസിഡന്റ്
ഹിന്ദു ദേവസ്വം
ബോർഡ്



**K P ശിവദാസ്**
ജനറൽ കൺവീനർ



# യാഗപുരോഹിതർ

മുഖ്യ പുരോഹിതൻ



**ബ്രഹ്മശ്രീ**
**ശങ്കര സുബ്രഹ്മണി ശിവാചാര്യ**
തന്ത്രി, മധുര മീനാക്ഷി ക്ഷേത്രം

പുരോഹിതൻ



**ശ്രീമദ് ഭാഗ്യരാജ് ശിവാചാര്യ**
മേൽശാന്തി, ശ്രീ ത്രിപുരാന്ദേശ്വരൻ
ക്ഷേത്രം തിരുനെൽവേലി

മുഖ്യ കാര്യദർശി



M.S. ഭുവനചന്ദ്രൻ
ചെയർമാൻ
പൗർണ്ണമിക്കാവ് ക്ഷേത്രം ട്രസ്റ്റ്


# ആചാര്യന്മാർ



ഭാഗവതചൂഢാമണി
ഡോ. പള്ളിക്കൽ സുനിൽ



ബ്രഹ്മശ്രീ
സുകുമാരൻ തന്ത്രികൾ



Dr. P.B. ബോസ്
ചെയർമാൻ
(അഡ്വൈസറി ബോർഡ്)
കേരളം സ്റ്റേറ്റ്
ഹിന്ദു ദേവസ്വം ബോർഡ്



Dr. ജയശ്രീ
ഗോപാലകൃഷ്ണൻ
പ്രസിഡന്റ്, ശങ്കരവാഹിനി

# രക്ഷാധികാരിമാർ



പുതുമന
മഹേശ്വരൻ നമ്പൂതിരി
ജ്യോതിഷ താന്ത്രികാചാര്യൻ



സ്വാമിനി ഇന്ദു പ്രാണാജി
മാനേജിങ് ട്രസ്റ്റി
മണ്ണാർകുടി ആശ്രമം, തഞ്ചാവൂർ



N. വിജയകുമാർ IPS
മുൻ സൂപ്രണ്ട് ഓഫ് പോലീസ്
സെക്യൂരിറ്റി വിഭാഗം



ബിജു കൃഷ്ണൻ
ഡയറക്ടർ HRDS India



പ്രൊഫ. C.N.വിജയകുമാരി
സംസ്കൃത വിഭാഗം
കേരള യൂണിവേഴ്സിറ്റി

# കനകധാര മഹായാഗം



ആദിശങ്കരാചാര്യർ രചിച്ച പ്രശസ്തമായ കനകധാര സ്തോത്രം ആധാരമാക്കി, ലോകനന്മയ്ക്കും മനുഷ്യകുലത്തിന്റെ സമ്പത്സമൃദ്ധിക്കുമായി നടത്തുന്ന അതീവ സവിശേഷമായ ഒരു യാഗമാണ് കനകധാര യാഗം. ദാരിദ്ര്യദുഃഖങ്ങൾ നീക്കി മഹാലക്ഷ്മിയുടെ കടാക്ഷം ഭക്തരിലേക്ക് എത്തിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന ഈ യാഗത്തിൽ നിരവധി സവിശേഷ പൂജകൾ നടക്കുന്നു. ദാരിദ്ര്യമുക്തി, കുടുംബത്തിലെ കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾ, കടബാധ്യതകളിൽ നിന്നുള്ള മോചനം, മുടങ്ങിപ്പോയ വരുമാന മാർഗ്ഗങ്ങൾ തുറക്കപ്പെടുക, ഐശ്വര്യം, സമാധാനം, സന്തോഷം, തൊഴിൽ അഭിവൃദ്ധി, വ്യാപാരത്തിലും കൃഷിയിലും ഉന്നതി എന്നിവ ഈ യാഗത്തിന്റെ ഗുണഫലങ്ങളാകുന്നു. മഹാലക്ഷ്മിയുടെ കാരുണ്യം ഭക്തരുടെ ജീവിതത്തിൽ സ്വർണ്ണമഴയായി പെയ്യാൻ ഭക്തിപൂർവ്വം നടത്തുന്ന ഒരു ഉന്നത ആത്മീയ കർമ്മമാണ് കനകധാര യാഗം.



## ഏകദന്ത ഗണപതിഹോമം

യാഗത്തിൽ പങ്കെടുക്കുന്നവർക്കും അത് നടത്തുന്നവർക്കും മനസ്സ് ഒരിടത്ത് കേന്ദ്രീകരിക്കാനും കർമ്മങ്ങൾ പിഴവില്ലാതെ ചെയ്യാനും ഈ ഭാവത്തിലുള്ള ആരാധന സഹായിക്കുന്നു. യാഗം എന്തിനുവേണ്ടിയാണോ നടത്തുന്നത്, ആ ലക്ഷ്യം വേഗത്തിൽ കൈവരിക്കാൻ ഗണപതിയുടെ പ്രീതി ആദ്യം തന്നെ സമ്പാദിക്കണം.



## നവഗ്രഹ ഹോമം

നവഗ്രഹങ്ങൾ പ്രപഞ്ചത്തിന്റെ താളലയത്തെ സൂചിപ്പിക്കുന്നു. ഈ ഗ്രഹങ്ങളെ പൂജിക്കുന്നതിലൂടെ പ്രപഞ്ചത്തിലെ ഊർജ്ജ നില തുലനം ചെയ്യപ്പെടുമെന്നും അത് വഴി യാഗത്തിന്റെ ഫലം പൂർണ്ണമായി ലഭിക്കുമെന്നും വിശ്വസിക്കപ്പെടുന്നു. ഒരു വ്യക്തിയോ സമൂഹമോ ചെയ്യുന്ന വലിയ കർമ്മങ്ങളിൽ ഗ്രഹങ്ങളുടെ സ്വാധീനം നിർണ്ണായകമാണെന്ന് ജ്യോതിശാസ്ത്രം പറയുന്നു. യാഗം നടത്തുന്ന സമയത്ത് ഗ്രഹഗതികൾ അനുകൂലമല്ലെങ്കിൽ അത് കർമ്മത്തിന് തടസ്സങ്ങളുണ്ടാക്കാം. ഒമ്പത് ഗ്രഹങ്ങളെയും പ്രീതിപ്പെടുത്തുന്നതിലൂടെ ഇത്തരം ദോഷങ്ങൾ നീങ്ങുന്നു. യാഗം നടത്തുന്ന യജമാനനും അതിൽ പങ്കെടുക്കുന്നവർക്കും ശാരീരികവും മാനസികവുമായ ശുദ്ധി ലഭിക്കാനും, ഗ്രഹങ്ങളുടെ അനുഗ്രഹത്തിലൂടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും ഈ ഹോമം സഹായിക്കുന്നു.



## സുദർശന ഹോമം

യാഗങ്ങളുടെ തുടക്കത്തിൽ സുദർശന ഹോമം നടത്തുന്നത് പ്രധാനമായും സുരക്ഷാ ചക്രം തീർക്കുന്നതിനാണ്. മഹാവിഷ്ണുവിന്റെ ആയുധമായ സുദർശന ചക്രം തിന്മയെ നശിപ്പിക്കാനും നന്മയെ സംരക്ഷിക്കാനുമുള്ള ശക്തിയുടെ പ്രതീകമാണ്. മനസ്സിലോ ശരീരത്തിലോ ഉള്ള അശുദ്ധി നീക്കം ചെയ്യാൻ സുദർശന മന്ത്രങ്ങൾക്കും ഹോമത്തിനും സാധിക്കും. യാഗം ചെയ്യുന്നവർക്ക് പൂർണ്ണമായ ആത്മശുദ്ധി ലഭിക്കാനും ഭയമില്ലാതെ കർമ്മങ്ങളിൽ ഏർപ്പെടാനും ഇത് സഹായിക്കുന്നു. രോഗശാന്തിക്കും ആരോഗ്യ സംരക്ഷണത്തിനും സുദർശന ഹോമം ഒരു കവചമായി നിലകൊള്ളുന്നു. യാഗശാലയുടെ നിർമ്മാണത്തിലോ മറ്റോ വന്നേക്കാവുന്ന വാസ്തുദോഷങ്ങൾ, സ്ഥലദോഷങ്ങൾ എന്നിവ നീക്കം ചെയ്ത് ആ പ്രദേശം ശുദ്ധീകരിക്കാൻ സുദർശന ഹോമം സഹായിക്കുന്നു. അഗ്നിശുദ്ധി വരുത്തുക എന്നതും ഇതിന്റെ ലക്ഷ്യമാണ്.

## സ്കന്ദ ഹോമം

സ്കന്ദൻ അഥവാ സുബ്രഹ്മണ്യൻ ദേവസേനാപതിയാണ്. ഏതൊരു വലിയ കാര്യത്തിന് ഇറങ്ങിത്തിരിക്കുമ്പോഴും അത് പൂർത്തിയാക്കാൻ വേണ്ട മനോബലവും ധൈര്യവും നൽകുന്നത് സ്കന്ദനാണ്. ചൊവ്വാ ദോഷ പരിഹാരം, ശത്രുനാശം, വിജയം, ജ്ഞാനം, ശുദ്ധി തുടങ്ങി കനകധാര യാഗത്തിലൂടെ ലഭിക്കുന്ന ഐശ്വര്യം തടസ്സമില്ലാതെ അനുഭവിക്കാനും, അത് നേടിയെടുക്കാനുള്ള കർമ്മശേഷി ആർജ്ജിക്കാനുമാണ് സ്കന്ദ ഹോമം നടത്തുന്നത്.



## ധന്വന്തരി ഹോമം

"ആരോഗ്യം സർവ്വാർത്ഥ സാധകം" എന്നാണ് പ്രമാണം. എത്ര വലിയ സമ്പത്തോ ഐശ്വര്യമോ ഉണ്ടായാലും അത് അനുഭവിച്ചു തീർക്കാൻ നല്ല ആരോഗ്യമുണ്ടായേ തീരൂ. കനകധാര യാഗത്തിലൂടെ ലഭിക്കുന്ന ഐശ്വര്യം പൂർണ്ണമായും ആസ്വദിക്കാൻ ശരീരവും മനസ്സും രോഗമുക്തമായിരിക്കണം അതിനുവേണ്ടിയാണ് ധന്വന്തരി ഹോമം നടത്തുന്നത്. മഹാലക്ഷ്മിയും ധന്വന്തരിമൂർത്തിയും ഇവർ രണ്ടുപേരും വിഷ്ണുഭഗവാന്റെ സാന്നിധ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഐശ്വര്യത്തിന്റെ ദേവതയായ ലക്ഷ്മിയെ വന്ദിക്കുമ്പോൾ തന്നെ ആരോഗ്യത്തിന്റെ ദേവനായ ധന്വന്തരിയെയും വന്ദിക്കുന്നത് പൂർണ്ണത നൽകുന്നു.



## അഷ്ടസാമ്രാജ്യ മഹാലക്ഷ്മി ഹോമം

ഈ ഹോമത്തിലൂടെ മഹാലക്ഷ്മിയുടെ എട്ട് ഭാവങ്ങളെയും (ആദിലക്ഷ്മി, ധനലക്ഷ്മി, ധാന്യലക്ഷ്മി, ഗജലക്ഷ്മി, സന്താനലക്ഷ്മി, ധൈര്യലക്ഷ്മി, വിജയലക്ഷ്മി, വിദ്യാലക്ഷ്മി) ഒരേസമയം പ്രീതിപ്പെടുത്തുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും പൂർണ്ണത ലഭിക്കാൻ ഈ എട്ട് ശക്തികളുടെയും അനുഗ്രഹം അനിവാര്യമാണ്. 'സാമ്രാജ്യം' എന്നത് കേവലം രാജ്യം എന്നല്ല, മറിച്ച് തടസ്സങ്ങളില്ലാത്ത ആധിപത്യം എന്നാണ് അർത്ഥമാക്കുന്നത്. സാമ്പത്തികമായ അടിമത്തത്തിൽ നിന്നോ ദാരിദ്ര്യത്തിൽ നിന്നോ മോചനം നേടി, സ്വന്തം ജീവിതത്തിന്മേൽ പൂർണ്ണമായ നിയന്ത്രണവും ഐശ്വര്യവും കൈവരിക്കാനാണ് ഈ ഹോമം നടത്തുന്നത്. അഷ്ടസാമ്രാജ്യ മഹാലക്ഷ്മി ഹോമം വഴി വലിയ തോതിലുള്ള കടബാധ്യതകൾ നീങ്ങുമെന്നും മുടങ്ങിപ്പോയ വരുമാന സ്രോതസ്സുകൾ തിരികെ ലഭിക്കുകയും ചെയ്യും. അത്യപൂർവ്വമായ ഔഷധക്കൂട്ടുകളും, താമരപ്പൂവ്, നെയ്യ്, നെല്ലിക്ക തുടങ്ങിയ ദ്രവ്യങ്ങളും ഈ ഹോമത്തിൽ ഉപയോഗിക്കുന്നു. കനകധാര യാഗത്തിന്റെ പൂർണ്ണാഹുതിക്ക് മുൻപായി നടത്തുന്ന ഈ ഹോമമാണ് യാഗത്തിന്റെ ആത്മീയ ചൈതന്യം ഉച്ചസ്ഥായിയിൽ എത്തിക്കുന്നത്.



## ദക്ഷിണാമൂർത്തി ഹോമം

വിദ്യയും ധനവും വിവേകത്തോടെ കൈകാര്യം ചെയ്യാനുള്ള ബുദ്ധി ലഭിക്കുന്നതിനാണ് ദക്ഷിണാമൂർത്തി ഹോമം നടത്തുന്നത്. ദക്ഷിണാമൂർത്തി വിദ്യയുടെ അധിപനായതുകൊണ്ട്, യാഗത്തിലുടനീളം ചൊല്ലുന്ന കനകധാര സ്തോത്രവും മറ്റ് വേദമന്ത്രങ്ങളും പിഴവുകളില്ലാതെ കൃത്യമായ ഉച്ചാരണത്തോടെ പൂർത്തിയാക്കാൻ ഈ ഹോമത്തിലൂടെ സാധിക്കുന്നു.













## ത്രിഗുണാത്മക സ്വരൂപിണി ഹോമം

കനകധാര യാഗത്തിന്റെ ഏറ്റവും ആത്മീയവും ഗഹനവുമായ തലങ്ങളിൽ ഒന്നാണ് ത്രിഗുണാത്മക സ്വരൂപിണി ഹോമം. പ്രപഞ്ചശക്തിയുടെ മൂന്ന് അടിസ്ഥാന ഗുണങ്ങളെ സമന്വയിപ്പിച്ച് മഹാലക്ഷ്മിയെ ആരാധിക്കുന്ന ചടങ്ങാണിത്. മഹാസരസ്വതി (സത്ത്വഗുണം): ജ്ഞാനവും വിദ്യയും നൽകുന്നു. മഹാലക്ഷ്മി (രജോഗുണം): ഐശ്വര്യവും സമൃദ്ധിയും നൽകുന്നു. മഹാകാളി (തമോഗുണം): സംരക്ഷണവും തടസ്സങ്ങളുടെ നാശവും നൽകുന്നു. ഈ മൂന്ന് ഭാവങ്ങളെയും ഒരേപോലെ പ്രീതിപ്പെടുത്തുന്നതിലൂടെ ജീവിതത്തിൽ പൂർണ്ണത ലഭിക്കുന്നു. നമ്മുടെ ഉള്ളിലും പ്രപഞ്ചത്തിലും ഈ മൂന്ന് ഗുണങ്ങളും അടങ്ങിയിരിക്കുന്നു. ഇവയുടെ അളവ് തെറ്റുമ്പോഴാണ് ജീവിതത്തിൽ ദാരിദ്ര്യമോ രോഗമോ അസ്വസ്ഥതകളോ ഉണ്ടാകുന്നത്. ത്രിഗുണാത്മക ഹോമം വഴി ഈ ഊർജ്ജങ്ങളെ സന്തുലിതമാക്കി യാഗഫലം ദീർഘകാലം നിലനിൽക്കുന്നു. ഭൗതികമായ സമ്പത്ത് മാത്രമല്ല, ആരോഗ്യം, ആയുസ്സ്, പദവി, സമാധാനം എന്നിവയെല്ലാം ഒന്നിച്ച് ലഭിക്കാൻ വേണ്ടിയാണ് ത്രിഗുണാത്മക സ്വരൂപിണിയെ ആരാധിക്കുന്നത്. കനകധാര യാഗത്തിന്റെ ലക്ഷ്യമായ ഐശ്വര്യം കൈവരിക്കാൻ, പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന ത്രിഗുണങ്ങളും അനുകൂലമാകുന്നു എന്നതാണ് ഈ ഹോമത്തിന്റെ ഫലം.

## ലംബോധര ഗണപതി പൂജ

ലംബ' എന്നാൽ വലുത്, 'ഉദര' എന്നാൽ വയർ. പ്രപഞ്ചം മുഴുവൻ തന്റെ ഉദരത്തിൽ സംവഹിക്കുന്നവൻ എന്നാണ് ഇതിന്റെ ആത്മീയ അർത്ഥം. മഹാലക്ഷ്മിയെയും ഗണപതിയേയും ഒരുമിച്ചാരാധിക്കുന്ന രീതിയാണ് ലംബോധര ധന്വന്തരിപൂജ. മഹാലക്ഷ്മി ഐശ്വര്യവും സമ്പത്തും നൽകുമ്പോൾ ഗണപതി അതുസംരക്ഷിക്കുവാനുള്ള ബുദ്ധി നൽകുന്നു. കനകധാര യാഗത്തിൽ ഈ രണ്ട് ശക്തികളെയും ഒന്നിച്ച് ആവാഹിക്കുന്നത് വഴി ഫലം ഇരട്ടിയാകുന്നു.

## 1008 കുങ്കുമാർച്ചന ഹോമം


കനകധാര യാഗത്തിലെ ഏറ്റവും മനോഹരവും ഫലദായകവുമായ ഒരു ചടങ്ങാണ് 1008 കുങ്കുമാർച്ചന ഹോമം. മഹാലക്ഷ്മിയുടെ അഷ്ടോത്തര ശതനാമാവലി (1008 പേരുകൾ) അല്ലെങ്കിൽ സഹസ്രനാമാവലി (1008 പേരുകൾ) ചൊല്ലി ഓരോ നാമത്തിനും കുങ്കുമം അർപ്പിച്ചുകൊണ്ട് നടത്തുന്ന ഈ കർമ്മത്തിന് വലിയ പ്രാധാന്യമുണ്ട്. കനകധാര യാഗം പ്രധാനമായും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായുള്ളതാണ്. കുങ്കുമാർച്ചനയിലൂടെ കുടുംബത്തിൽ ഐശ്വര്യം, ദീർഘസുമംഗലി ഭാവം, മംഗല്യഭാഗ്യം എന്നിവ കൈവരുന്നു. "ശ്രീ" അഥവാ ലക്ഷ്മി ചൈതന്യം കുങ്കുമത്തിൽ കുടികൊള്ളുന്നു എന്നാണ് സങ്കല്പം. ശങ്കരാചാര്യർ കനകധാര സ്തോത്രത്തിൽ ലക്ഷ്മിയെ വർണ്ണിക്കുന്നത് "കനകവൃഷ്ടി" (സ്വർണ്ണമഴ) ചൊരിയുന്നവളായാണ്. 1008 കുങ്കുമാർച്ചന ഹോമം വഴി ആ സ്തോത്രത്തിലെ ഓരോ വരികൾക്കും ജീവൻ ലഭിക്കുകയും, യാഗം നടത്തുന്ന വ്യക്തിയുടെ ജീവിതത്തിൽ ഐശ്വര്യത്തിന്റെ പ്രവാഹം ഉണ്ടാവുകയും ചെയ്യുന്നു. അക്ഷയതൃതീയ നാളിൽ നടക്കുന്ന ഈ പൂജ, യാഗത്തിന്റെ ഭാഗമാകുന്നവർക്ക് കൂടുതൽ ഐശ്വര്യവും, തേജസും, സമ്പത്സമൃദ്ധിയും പ്രധാനംചെയ്യുന്നു.

## ലക്ഷ്മി-ഗണപതി ഹോമം

ഹൈന്ദവ ആചാരപ്രകാരം മഹാലക്ഷ്മിയും ഗണപതിയും ചേർന്നുള്ള ആരാധന (ലക്ഷ്മി-ഗണപതി) സമ്പത്തിന് ഏറ്റവും ഉത്തമമാണ്. ലക്ഷ്മി ഐശ്വര്യം നൽകുമ്പോൾ ഗണപതി അത് സംരക്ഷിക്കാനുള്ള ബുദ്ധി നൽകുന്നു. കനകധാര യാഗത്തിൽ ഈ രണ്ട് ശക്തികളെയും ഒന്നിച്ച് ആവാഹിക്കുന്നത് വഴി ഫലം ഇരട്ടിയാകുന്നു.

## സംതൃപ്തി

ഭൗതികമായ സമ്പത്ത് നേടിയാലും അത് മനസ്സിന് സംതൃപ്തി നൽകണമെന്നില്ല. ലംബോധരൻ 'തൃപ്തി'യുടെ ദേവനാണ്. യാഗത്തിലൂടെ ലഭിക്കുന്ന ഐശ്വര്യം ജീവിതത്തിൽ പൂർണ്ണമായ തൃപ്തിയും സമാധാനവും നൽകണം എന്ന പ്രാർത്ഥനയോടെയാണ് ഈ പൂജ നടത്തുന്നത്. ചുരുക്കത്തിൽ: കനകധാര യാഗത്തിലൂടെ വർഷിക്കുന്ന ഐശ്വര്യം സ്വീകരിക്കാനും അത് ജീവിതത്തിൽ നിലനിർത്താനും വേണ്ടിയുള്ള പ്രത്യേക അനുഗ്രഹത്തി നായാണ് ലംബോധര ഭാവത്തിൽ ഗണപതിയെ പൂജിക്കുന്നത്.



## വക്രതുണ്ഡ ഗണപതി ഹോമം

വക്രമായ തുമ്പിക്കൈ ഉള്ള 'വക്രതുണ്ഡൻ', പ്രപഞ്ചത്തിലെ ദുഷ്ടശക്തി കളെയും നെഗറ്റീവ് ഊർജ്ജങ്ങളെയും തുമ്പിക്കൈ കൊണ്ട് പിടിച്ചുമാറ്റി യാഗശാലയെ പരിശുദ്ധമാക്കുന്ന ഭാവമാണിത്. 'വക്രതുണ്ഡ മഹാകായ' എന്ന ശ്ലോകം രചിക്കുക വഴി ശങ്കരാചാര്യർ ഗണപതിക്ക്കൂടുതൽ പ്രാധാന്യം നൽകിയിരുന്നു എന്ന് മനസിലാക്കാം. യാഗഭൂമിയിൽ പൂർണ്ണമായ ദൈവീക ചൈതന്യം തടസ്സമില്ലാതെ ഭക്തരിലേക്ക് എത്തുന്നതിനായി വക്രതുണ്ഡ ഗണപതി ഹോമം സഹായിക്കുന്നു.

## അന്വേന്യ ശാസ്ത്ര ഹോമം



കനകധാര യാഗത്തിൽ അഘോരസ്ത്ര ഹോമം (അല്ലെങ്കിൽ അസ്ത്ര ഹോമങ്ങൾ) നടത്തുന്നത് പ്രധാനമായും യാഗശാലയ്ക്കും ഭക്തർക്കും ഒരു "ദിവ്യ കവചം" തീർക്കാനാണ്. 'അസ്ത്രം' എന്നാൽ ലക്ഷ്യസ്ഥാനത്തേക്ക് തൊടുക്കുന്ന ആയുധം എന്നാണ് അർത്ഥം. ആത്മീയമായി ഇത് പ്രതികൂല ശക്തികളെ തടയാനുള്ള ആയുധമായി പ്രവർത്തിക്കുന്നു. കുടുംബത്തിലോ വ്യക്തിയിലോ നിലനിൽക്കുന്ന ദോഷകരമായ ബാധകൾ, ദുർമന്ത്രവാദ ദോഷങ്ങൾ തുടങ്ങിയവ നീക്കം ചെയ്യാൻ അസ്ത്ര മന്ത്രങ്ങൾ ഉപയോഗിച്ചുള്ള ഹോമം സഹായിക്കുന്നു.

## സ്പെഷ്യൽ നവാക്ഷരി - മഹാലക്ഷ്മി പൂജ



സമ്പത്ത്, ഐശ്വര്യം, സൗഭാഗ്യം, ആത്മശാന്തി എന്നിവ പ്രാപിക്കാനായി നടത്തുന്ന മഹാപുണ്യ പൂജയാണ് സ്പെഷ്യൽ നവാക്ഷരി-മഹാലക്ഷ്മി പൂജ. മഹാലക്ഷ്മി ദേവിയുടെ ദിവ്യാനുഗ്രഹം പ്രാപിക്കുന്നതിനായി നവാക്ഷരി മന്ത്രജപം, വിശേഷ ഹോമം, അർച്ചന, പൂജാക്രമങ്ങൾ എന്നിവ സമർപ്പിക്കുന്നു. ജീവിതത്തിലെ സാമ്പത്തിക തടസ്സങ്ങൾ നീങ്ങാനും, കുടുംബക്ഷേമം വർദ്ധിക്കാനും, ദോഷനിവാരണവും മനശ്ശാന്തിയും മഹാലക്ഷ്മി പൂജയിലൂടെ പ്രാപ്തമാകുന്നത്. ശുദ്ധിയോടെയും ഭക്തിയോടെയും വേദക്രമപ്രകാരം നടത്തുന്ന ഈ വിശേഷ പൂജ ഭക്തജനങ്ങളുടെ അഭിലാഷസിദ്ധിക്കും ആത്മശുദ്ധിക്കും വഴിയൊരുക്കുന്നു.

## നവശക്തി ഹോമം



കനകധാര യാഗത്തിന്റെ ഭാഗമായി നവശക്തി ഹോമം നടത്തുന്നത് ഐശ്വര്യത്തിന്റെ പൂർണ്ണതയ്ക്കും പ്രപഞ്ചത്തിലെ ഒമ്പത് തരം ആത്മീയ ഊർജ്ജങ്ങളെ ഉണർത്തുന്നതിനുമാണ്. പ്രപഞ്ചത്തിന്റെ സൃഷ്ടി, സ്ഥിതി, സംഹാര പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന മഹാലക്ഷ്മിയുടെ ഒമ്പത് ഭാവങ്ങളായ വാമ, ജ്യേഷ്ഠ, രൗദ്രി, കാളി, കലവികരിണി, ബലവികരിണി, ബലപ്രമഥിനി, സർവ്വഭൂതദമനി, മനോന്മനി എന്നീ നവശക്തികളെയാണ് ഇതിൽ ആരാധിക്കുന്നത്. ആരോഗ്യം, ബുദ്ധി, ധൈര്യം, വിജയം, ശാന്തി തുടങ്ങിയവയെല്ലാം ചേരുമ്പോഴാണ് ഐശ്വര്യം പൂർണ്ണമാകുന്നത്. നവശക്തി ഹോമത്തിലൂടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഈ ഒമ്പത് ശക്തികളുടെ അനുഗ്രഹം ഉറപ്പാക്കുന്നു. കാമം, ക്രോധം, ലോഭം തുടങ്ങിയ ദുർഗുണങ്ങളെ നശിപ്പിച്ച് മനസ്സിനെ ശുദ്ധീകരിക്കാൻ നവശക്തി ഹോമം സഹായിക്കുന്നു. ശങ്കരാചാര്യർ സ്വർണ്ണ നെല്ലിക്ക വർഷിപ്പിച്ചത് ദേവിയുടെ കാരുണ്യം കൊണ്ടാണ്. ആ കാരുണ്യം ഒമ്പത് രൂപങ്ങളിൽ ഭക്തരിലേക്ക് ഒഴുകിയെത്താനാണ് യാഗശാലയിൽ ഈ ഹോമം ഒരുക്കുന്നത്.

## മഹാപൂർണ്ണാഹുതി ഹോമം



യാഗ–ഹോമ കർമ്മങ്ങളുടെ സമാപ്തിയായി നടത്തുന്ന വിശേഷ ചടങ്ങാണ് മഹാപൂർണ്ണാഹുതി ഹോമം. ഇതിലൂടെ യാഗത്തിലെ എല്ലാ ദേവതാ ആരാധനകളും കർമ്മങ്ങളും പൂർണ്ണത പ്രാപിക്കുന്നു. ഹോമാഗ്നിയിൽ വിശേഷ സമർപ്പണങ്ങൾ അർപ്പിച്ച് ദൈവാനുഗ്രഹം നേടുന്നു. സമൃദ്ധി, ശാന്തി, ദോഷനിവാരണം, അഭിലാഷസിദ്ധി എന്നിവയ്ക്കായി ഈ കർമ്മം ശ്രേഷ്ഠമായി കരുതപ്പെടുന്നു. ഭക്തിയോടെയും ശുദ്ധിയോടെയും നടത്തുന്ന ഒരു മംഗള സമാപന കർമ്മം. കനകധാര യാഗത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടതും അവസാനത്തേതുമായ ചടങ്ങാണ് മഹാപൂർണ്ണാഹൂതി. ദിവസങ്ങളോളം നീണ്ടുനിന്ന യാഗത്തിന്റെ പരിസമാപ്തി കുറിക്കുന്ന ഈ ഹോമം അതീവ ഭക്തിയോടെയും കൃത്യമായ വിധിപ്രകാരവുമാണ് നടത്തുന്നത്. 'പൂർണ്ണാഹുതി' എന്ന വാക്കിന്റെ അർത്ഥം തന്നെ 'പൂർണ്ണമായ സമർപ്പണം' എന്നാണ്. മഹാപൂർണ്ണാഹുതി സമയത്ത് ഉയരുന്ന വിശുദ്ധധൂമം അന്തരീക്ഷത്തെ ശുദ്ധീകരിക്കുന്നു; അത് യാഗത്തിൽ പങ്കാളികളായ ഭക്തരുടെ മനസ്സുകളിൽ ആത്മീയശാന്തിയും ലോകനന്മയ്ക്കായുള്ള പോസിറ്റീവ് ഊർജ്ജവും പകരുകയും ചെയ്യുന്നു. "ലോകാഃ സമസ്താഃ സുഖിനോ ഭവന്തു" എന്ന പ്രാർത്ഥനയോടെയാണ് ഇത് പൂർത്തിയാക്കുന്നത്. യാഗവേളയിൽ അറിഞ്ഞോ അറിയാതെയോ സംഭവിച്ചു പോയ മന്ത്രപ്പിഴവുകൾക്കോ ചടങ്ങുകളിലെ വീഴ്ചകൾക്കോ ഉള്ള പരിഹാരം കൂടിയാണ് ഈ സമാപന ഹോമം. മഹാപൂർണ്ണാഹുതിക്ക് ശേഷം ഹോമകുണ്ഡത്തിലെ ഭസ്മം (രക്ഷ) നെറ്റിയിൽ ധരിക്കുന്നതും, യാഗശാലയിലെ തീർത്ഥം തളിക്കുന്നതും ഐശ്വര്യദായകമാണ്.

• **യാഗത്തിന്റെ ഗുണഫലങ്ങൾ :** ദാരിദ്ര്യമുക്തി, കടബാധ്യതകളിൽ നിന്നുള്ള മോചനം, ഐശ്വര്യം, തൊഴിൽ അഭിവൃദ്ധി; വ്യാപാരത്തിലും കൃഷിയിലും തൊഴിലിലും ഉന്നതിയുണ്ടാകുന്നു.

• **സവിശേഷത :** സാധാരണയായി അക്ഷയ തൃതീയ, വെള്ളിയാഴ്ചകൾ, അല്ലെങ്കിൽ പ്രത്യേക നക്ഷത്രങ്ങൾ വരുന്ന ദിവസങ്ങളിലാണ് ഈ യാഗം സംഘടിപ്പി ക്കാറുള്ളത്. യാഗത്തിന് ശേഷം ലഭിക്കുന്ന 'സ്വർണ്ണ നെല്ലിക്ക' (പൂജിച്ചത്) വീട്ടിലെ പൂജാമുറിയിലോ പണം സൂക്ഷിക്കുന്ന ഇടത്തോ വയ്ക്കുന്നത് അതീവ ശുഭകരമാണ്. മഹാലക്ഷ്മിയുടെ കാരുണ്യം ഭക്തരുടെ ജീവിതത്തിൽ സ്വർണ്ണമഴയായി പെയ്യാൻ ഭക്തിപൂർവ്വം നടത്തുന്ന ഒരു ഉന്നത ആത്മീയ കർമ്മമാണ് കനകധാരാ മഹായാഗം.


ഈ അസുലഭനിമിഷത്തിന്റെ ഭാഗവാക്കായി മഹാലക്ഷ്മി കടാക്ഷങ്ങൾ കൈവരിച്ച് ജീവിതത്തിൽ ഐശ്വര്യവും സമ്പത്സമൃദ്ധിയും കൈവരിക്കുവാനുള്ള ഭാഗ്യം താങ്കൾക്കും കുടുംബത്തിനും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## ഭരണസമിതി ഹിന്ദു ദേവസ്വം ബോർഡ്

**T പങ്കജാക്ഷൻ നായർ**
പ്രസിഡന്റ്



**K P ശിവദാസ്**
വൈസ് പ്രസിഡന്റ്



**Adv. രാജീവ് രാജധാനി**
വൈസ് പ്രസിഡന്റ്



**T. R. ദേവൻ**
ജനറൽ സെക്രട്ടറി



**Adv. P.G. അനൂപ്**
ജോയിന്റ്സെക്രട്ടറി



**രതീഷ് ഹരിഹരൻ**
ട്രഷറർ



## ബോർഡ് മെമ്പർമാർ

**ഗിരീഷ് R.**



**K.V. സാബു**



**C. സാംചന്ദ്രൻ**



**P.P സുധീർ**



**സിനിൽകുമാർ**



**K.B. മുരുകൻ**
ലെയ്സൺ ഓഫീസർ



കനകധാര മഹായാഗം

## 18-04-2026, 6.30AM മുതൽ

| | | |
|---|---|---|
| 1 | ഏകദന്ത ഗണപതിഹോമം | 1501 |
| 2 | നവഗ്രഹ ഹോമം | 3001 |
| 3 | സുദർശന ഹോമം | 5001 |
| 4 | സ്കന്ദ ഹോമം | 3001 |
| 5 | ധന്വന്തരി ഹോമം | 3001 |
| 6 | അഷ്ട സാമ്രാജ്യ മഹാലക്ഷ്മി ഹോമം | 21000 |
| 7 | ദക്ഷിണാമൂർത്തി ഹോമം | 3001 |
| 8 | ത്രിഗുണാത്മക സ്വരൂപിണി ഹോമം | 5001 |

## 18-04-2026, 5.30 PM മുതൽ

| | | |
|---|---|---|
| 1 | ലംബോധര ഗണപതി പൂജ | 1001 |
| 2 | 1008 കുങ്കുമാർച്ചന ഹോമം | 9001 |

## 19-04-2026, 5.00 AM മുതൽ

| | | |
|---|---|---|
| 1 | വക്രതുണ്ഡ ഗണപതി ഹോമം | 3001 |
| 2 | അന്വേന്യ ശാസ്ത്ര ഹോമം | 3001 |
| 3 | നവാക്ഷി പൂജ | 7501 |
| 4 | മഹാലക്ഷ്മി പൂജ | 3001 |
| 5 | നവശക്തി ഹോമം | 9001 |
| 6 | മഹാ പൂർണാവതി | 5001 |

## പറകൾ

| | | |
|---|---|---|
| 1 | നെല്ലിക്ക പറ | 301 |
| 2 | മഞ്ഞൾ പറ | 101 |
| 3 | കുങ്കുമ പറ | 201 |
| 4 | നാണയ പറ | 251 |
| 5 | പൂ പറ | 201 |
| 6 | നെൽപ്പാറ | 201 |
| 7 | മലർപ്പറ | 101 |
| 8 | അയിമ്പറ | 750 |

# യാഗശാലയിലെ മഹനീയ സാന്നിധ്യം


ജസ്റ്റിസ് P S ഗോപിനാഥൻ


ജസ്റ്റിസ് P N രവീന്ദ്രൻ


സ്വാമി ധർമ്മചൈതന്യ


ഹൈബി ഈഡൻ MP


മേയർ അഡ്വ. വി.കെ.മിനിമോൾ



T J വിനോദ് MLA


അഡ്വ. പേരൂർക്കട ഹരികുമാർ


സുധീഷ് മോഹൻ തന്ത്രി


A N രാധാകൃഷ്ണൻ



വിജി തമ്പി


M N ഗിരി


ദീപിക


N വേണുഗോപാൽ


ഡോ. മേരി അനിത


അഡ്വ K S ഷൈജു


K V ഷാജി


T S ബൈജു


ജയശേഖരൻ നായർ


അനിൽ ദാമോദരൻ


അഡ്വ സാം ഐസക്


അഡ്വ S സജി


ദിനേശ് ബാബു


അഡ്വ. M G ശ്രീജിത്ത്


C G രാജഗോപാൽ


K S സജീന്ദ്രൻ മാളിയേക്കൽ
ഇവന്റ് ഹെഡ്

THE KERALA STATE HINDU DEVASWOM BOARD
A/c No: 425901010741302, IFSC: UBIN0542598, MICR: 682026003
Cust Id: 902146934
Union Bank, Ernakulam Main Branch



മകരസംക്രമ സംഗമം 2026 - ആലുവ അദ്വൈതാശ്രമം

## ദി കേരള സ്റ്റേറ്റ് ഹിന്ദു ദേവസ്വം ബോർഡ്

ഹിന്ദു ദേവസ്വം ബോർഡ് 1955ലെ തിരുവിതാംകൂർ-കൊച്ചി ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് 2005 ൽ രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റി ആണ്.. കേരളത്തിൽ വിവിധ കാരണങ്ങളാൽ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകാൻ സാധിക്കാതെ ബുദ്ധിമുട്ടുന്ന ക്ഷേത്രങ്ങൾ കാവുകൾ ആശ്രമങ്ങൾ എന്നിവ ഏറ്റെടുത്ത് പരിപാലിക്കുക എന്നതാണ് ഈ സംഘടന ലക്ഷ്യമിടുന്നത്. അന്യം നിന്നുകൊണ്ടിരിക്കുന്ന സനാതന ധർമ്മ മൂല്യങ്ങൾ സമൂഹത്തെ ബോധ്യപ്പെടുത്തുകയും വരും തലമുറയെ സനാതന ധർമ്മത്തിന്റെ പരിപോഷണ ത്തെക്കുറിച്ച് ബോധവൽക്കരിക്കുകയും ചെയ്യുക.. ഹൈന്ദവ സമൂഹം സാമൂഹികമായും ആത്മീയമായും അനുഭവിച്ചു വരുന്ന അജ്ഞതക്ക് പരിഹാരം കാണുക. ഹിന്ദു സമൂഹത്തിലെ പുതുതലമുറയ്ക്ക് അന്യമായി കൊണ്ടിരിക്കുന്ന ധാർമിക മൂല്യങ്ങളെ കുറിച്ച് ബോധവൽക്കരിക്കുക. അവശത അനുഭവിക്കുന്ന ഹിന്ദു സമൂഹത്തിന് ആവശ്യമായ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക. ആശുപത്രികൾ സ്ഥാപിക്കുക.. ക്ഷേത്രങ്ങളോട് അനുബന്ധിച്ച് വിദ്യാലയങ്ങൾ സ്ഥാപിക്കുക. പ്രസ്തുത വിദ്യാലയങ്ങളിൽ ഹിന്ദു കുടുംബങ്ങളിലെ നിർധന വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകുക. ക്ഷേത്രങ്ങളോട് അനുബന്ധിച്ച് വിവാഹ മണ്ഡപങ്ങൾ നിർമ്മിക്കുകയും അവ ഹിന്ദു സമൂഹത്തിലെ പാവപ്പെട്ട കുടുംബങ്ങൾക്ക് വിവാഹ ആവശ്യങ്ങൾക്കും മറ്റു ചടങ്ങുകൾക്കും സൗജന്യമായി നൽകുക. ഹിന്ദുക്കളുടെ ക്ഷേമത്തിനുവേണ്ടി ഹിന്ദു ഡെവലപ്മെന്റ് ബാങ്ക് പ്രവർത്തനം ആരംഭിക്കുക. എന്നിവയാണ് ഹിന്ദു ദേവസ്വം ബോർഡ് പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. ഒമ്പത് പേരടങ്ങുന്ന ബോർഡ് ഭരണസമിതിയാണ് ഈ സംഘടനയെ നിയന്ത്രിക്കുന്നത്. കൂടാതെ കേരളത്തിൽ 14 ജില്ലകളിലും ക്ഷേത്രങ്ങളെ കോർത്തിണക്കി ഭക്തജനങ്ങളെ ഉൾപ്പെടുത്തി ക്ഷേത്ര ശാഖ സമിതികളും. ജില്ലാ സമിതികളും വിഭാവനം ചെയ്തിട്ടുണ്ട്.

വിശ്വസ്തതയോടെ,
ടി ആർ ദേവൻ, സെക്രട്ടറി

THE KERALA STATE HINDU DEVASWOM BOARD [KSHDB]
Reg. No. 63/1860, First Floor MIG 27, Gandhinagar, Kadavanthra, Kochi-682020.
Tel. 0484 3180623, 9207528123, ksdevaswomboard@gmail.com, www.hindudevaswom.com